"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല- വേങ്ങൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് - മുൻ ക്ലർക്ക് - ശ്രീ സജു ടി കെ- യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1963/2025/LSGD തീയതി,തിരുവനന്തപുരം, 07-08-2025

---

പരാമർശം:-

1. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ
2. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.08.1998ലെ 13915/97 നമ്പർ നടപടിക്രമം
3. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.08.2000ലെ ഡിഡിപി-ഇകെഎം/3965/2000-ഇ4 നമ്പർ നടപടിക്രമം
4. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.05.2023ലെ ഡിഡിപി-ഇകെഎം/284/2023-ഇ5 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.06.2025ലെ LSGD/PD/52313/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ മുൻ ക്ലർക്ക് ശ്രീ സജു ടി കെ യുടെ പ്രൊബേഷൻ കാലയളവ് 27.04.2001 മുതൽ 31.05.2018 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. 27.04.1998 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ സജു ടി കെ -യുടെ നിയമനം പരാമർശം (2) പ്രകാരം ക്രമവൽകരിച്ചിട്ടുമുണ്ട്. ടിയാൻ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്ത സാഹചര്യത്തിൽ പരാമർശം (3) പ്രകാരം 26.04.2001 വരെ ഒരു വർഷത്തേക്ക് ടിയാന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീ സജു ടി കെയ്ക്ക് 30.05.2018 ൽ 50 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ, പരാമർശം (4) പ്രകാരം ടിയാനെ വകുപ്പ് തല പരീക്ഷ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്. ശ്രീ.സജു ടി കെ യുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ 31.05.2024ൽ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 30.05.2018 -ന് 50 വയസ്സ് പൂർത്തീകരിച്ച, എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ മുൻ ക്ലർക്ക് ശ്രീ സജ്ജു ടി കെ യുടെ പ്രൊബേഷൻ 30.05.2018 ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുന്ന വിധം KS&SSR Part II ചട്ടം13(B) Proviso 4 , പരാമർശം (1) സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 27.04.2001 മുതൽ 31.05.2018 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.സജ്ജു ടി കെ , മുൻ ക്ലർക്ക് , വേങ്ങൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.79/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 07-08-2025 14:24:02
സെക്ഷൻ ഓഫീസർ